ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ...(തടസ്സം)..... ഞങ്ങളുടെ കാലത്ത് നിയമിച്ചുവെന്ന് പറയുന്നത് ട്രെയ്നീസിനെയാണ്. ഇത് അതല്ല. രണ്ടും തമ്മിൽ വ്യത്യാസമുണ്ട്.

VII റൂളിംഗ്

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച ക്രമപ്രശ്നത്തിലെ ഇതേ വിഷയം തന്നെ ശ്രീ. കെ.എം. മാണിയും ക്രമപ്രശ്നം ഉന്നയിക്കാൻ ചെയറിന് എഴുതിത്തന്നിരുന്നു. ബഹുമാനപ്പെട്ട മിനിസ്റ്റർ അതിന് മറുപടി പറഞ്ഞു. മറുപടി തൃപ്തികരമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്ട് നിലവിലുണ്ട്. അത് നിലവിലുള്ളപ്പോൾത്തന്നെ വന്നിട്ടുള്ള സുപ്രീം കോടതി വിധിയുടേയും ഹൈക്കോടതി വിധിയുടേയും അതുപോലെ കീഴ്വഴക്കങ്ങളുടേയും അടിസ്ഥാനത്തിലാണ് ഇപ്പോൾ നടന്നുപോകുന്നത്. ആക്ട് ഒരു ഭാഗത്ത് നിലനിൽക്കുമ്പോൾ തന്നെയാണ് കോടതി വിധികൾ വന്നിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ നിയമനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച കാര്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടില്ലെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. ഇപ്പോൾ എടുത്ത നടപടികൾ ശരിയായ രീതിയിലാണെന്ന് മിനിസ്റ്റർ ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ട് പരിഗണന

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി എട്ടാമത് റിപ്പോർട്ട് പരിഗണന.

മി. സ്പീക്കർ : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി എട്ടാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2010-ലെ കേരള മതനിരപേക്ഷ മൃതദേഹ സംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബിൽ

(ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്, എം.എൽ.എ. നോട്ടീസ് നൽകിയത്.)

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, 2010-ലെ കേരള മതനിരപേക്ഷ മൃതദേഹ സംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : 2010-ലെ കേരള മതനിരപേക്ഷ മൃതദേഹ സംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബിൽ സർക്കാർ അംഗീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: സർ, ഈ സഭയുടെ ഇന്നലെകളിൽ തീ പാറുന്നവരിൽ പലരും ഇന്ന് ജീവിച്ചിരിപ്പില്ലെങ്കിലും അവർ ഉയർത്തിയ വിശ്വാസ പ്രത്യയശാസ്ത്രങ്ങളുടെ അഗ്നിജ്വാലകൾ മരണാനന്തരം കെടാതെയും മങ്ങാതെയും സൂക്ഷിക്കാനാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. മനുഷ്യസ്നേഹികൾ മരണത്തെ ഭയപ്പെടുന്നില്ലെങ്കിലും മരണം ഒരു അനിവാര്യതയാണ്. എല്ലാ ജനിതകരൂപങ്ങൾക്കും ഒരു കാലദൈർഘ്യമുണ്ട്. ജനനത്തിനും മരണത്തിനും ഇടയിലുള്ള കാലമാണ് ജീവിതം. ജീവന്റെ ഉള്ളിൽ മരണത്തിന്റെ ഭ്രൂണമുണ്ടെന്ന് കിർത്തിഗോർ പറഞ്ഞത് ഞാൻ ഓർക്കുകയാണ്. നമ്മുടെ നാട്ടിൽ ഭീകരവാദം വളരെ ശക്തമായി ആക്രമിക്കുകയാണ്. ഒരു നിയമംകൊണ്ട് ഭീകരവാദത്തെ തടയാൻ കഴിയുകയില്ല. നമ്മുടെ ഭരണഘടനയുടെ മൂല്യങ്ങൾ സൂക്ഷിച്ചെങ്കിൽ മാത്രമേ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന ഭീകരവാദത്തെ തടയാൻ സാധിക്കുകയുള്ളു. ഇന്ത്യ ഒരു പരമാധികാര സ്ഥിതി സമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക് ആണെന്നാണ് ഭരണഘടനയുടെ ആമുഖത്തിൽതന്നെ പറയുന്നത്. ഈ ബിൽ പാസ്സാകുന്നതുവഴി സമൂഹത്തിലെ ഒരു വിഭാഗം ജനങ്ങൾക്കുകൂടി മതേതരത്വം ഉറപ്പാക്കിക്കൊടുക്കാൻ സാധിക്കും. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ഭരണഘടനയിൽ ഉറപ്പുവരുത്തുന്നു. സാമൂഹ്യനീതിയിൽ ഊന്നിയുള്ള ഒരു ബില്ലാണിത് ഈ നിയമം വിശ്വാസിയും അവിശ്വാസിയുമടക്കം എല്ലാവരുടെയും വ്യക്തി സ്വാതന്ത്ര്യം സംരക്ഷിക്കുന്നതാണ്. ഇന്ത്യൻ ഭരണഘടന വ്യക്തികളുടെ ചിന്തയ്ക്കും ആശയ പ്രകടനത്തിനും വിശ്വാസത്തിനുമുള്ള സ്വാതന്ത്ര്യവും അന്തസ്സും ഉറപ്പുവരുത്തുന്നു. പുരോഗമനേച്ഛുക്കൾക്ക് മരണാനന്തരം ഇത് ലഭിക്കാതെ പോകുന്നതുകൊണ്ടാണ് ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നത്. പ്രത്യുത അവിശ്വാസിക്ക് മരണാനന്തര ജീവിതബന്ധിയായ പ്രാകൃതമതബോധവും സ്വാതന്ത്ര്യ നിരാസവും ഭയവുമാണ് മൃതദേഹ സംസ്കരണത്തിന് മനുഷ്യ സമൂഹത്തെ ഇന്നും പ്രേരിപ്പിക്കുന്നത്. പ്രാകൃത മതാചാരവും പ്രാകൃതാചാരങ്ങളും സമൂഹത്തിന്റെ ഘടനാ രൂപങ്ങളുമാണ് മൃതദേഹ സംസ്കരണത്തിൽ ഇന്ന് കാണുന്നത്. മരണാനന്തര ചടങ്ങുകളെ സംബന്ധിച്ച് മാത്രമല്ല നേത്രദാനം, അവയവദാനം, മൃതദേഹം വൈദ്യപഠനത്തിന് വിട്ടുകൊടുക്കൽ എന്നിവ മരണാനന്തരം ഉറപ്പുവരുത്തുന്നതിനും കൂടിയുള്ള ഒരു ബില്ലാണിത്. മരണത്തിന് മുൻപ് ഒരു വ്യക്തിയേയോ സംഘടനയേയോ പിൻതുടർച്ചാവകാശിയായി നാമനിർദ്ദേശം ചെയ്യാവുന്നതും അവർ ഇത് ലംഘിക്കുകയാണെങ്കിൽ പതിനായിരം രൂപയിൽ കുറയാത്ത പിഴയോ മൂന്നുമാസത്തിൽ കുറയാത്ത തടവോ രണ്ടും കൂടിയോ ശിക്ഷ നൽകാനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇക്കാര്യങ്ങളുടെ നടത്തിപ്പിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനന-മരണ രജിസ്ട്രാർമാരെ ചുമതലപ്പെടുത്താവുന്നതുമാണ്. ഈ നിയമം നടപ്പിലാക്കുന്നതുവഴി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയും വരുന്നതല്ല; ആ രീതിയിലാണ് നിയമം നിർമ്മിച്ചിരിക്കുന്നത്. യാതൊരു പൗരനും താൻ ഏതൊരു മത വിഭാഗത്തിൽപ്പെട്ടവനായാലും മതബന്ധിയായ ചടങ്ങുകൾ ഉപേക്ഷിച്ച് തന്റെ മൃതദേഹം മതാതീത മാനവികതയോടെ സംസ്കരിക്കാനുള്ള അവകാശം സ്ഥാപിച്ചെടുക്കാൻ കൂടിയാണ് ഈ ബിൽ. നമ്മുടെ നാടിന്റെ സാംസ്കാരിക സ്പന്ദനം നാം തിരിച്ചറിയണം. നവോത്ഥാന നായകന്മാരുടെ

LIBRARY ARCHIVES Kerala Legislative Assembly

സ്വപ്നങ്ങൾ പോലും സഫലമാകാത്ത സാഹചര്യത്തിൽ ഈ ബില്ലിന്റെ പ്രസക്തി ഏറെയാണ്. ശ്രീനാരായണഗുരു ദേവനും സഹോദരൻ അയ്യപ്പനും വാഗ്ഭടാനന്ദനും പൊയ്കയിൽ കുമാരസ്വാമിയും വൈകുണ്ഠ സ്വാമിയും തുടങ്ങി നിരവധിപേർ മുന്നോട്ടുവച്ച നവോത്ഥാന പൈതൃകം അനുഭവിക്കുന്നവർതന്നെ തൂക്കിയെടുത്തെറിയുന്ന അവസ്ഥയാണ് ഇന്നുള്ളത്. എന്നിട്ടും കുറേ പുരോഗമനവാദികൾ ഇന്നും കേരളത്തിന്റെ മണ്ണിൽ അവശേഷിക്കുന്നുണ്ട്.

ശ്രീ. എം. പ്രകാശൻമാസ്റ്റർ : കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ശ്മശാനങ്ങളിൽ പലതും ജാതി അടിസ്ഥാനത്തിലും മതാടിസ്ഥാനത്തിലുമൊക്കെ നിലനിൽക്കുന്നവയാണ്. ഏറ്റവും ചുരുങ്ങിയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതു ഉടമസ്ഥതയിലുള്ളതുമായ ശ്മശാനങ്ങളിലെങ്കിലും മത നിരപേക്ഷമായിട്ടും മതം നോക്കാതെയും ആളുകളെ സംസ്കരിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായമെന്താണ്?

ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: നിശ്ചയമായും ഞാൻ ഈ അഭിപ്രായത്തെ സ്വാഗതം ചെയ്യുകയാണ്. എന്നിട്ടും കുറേ പുരോഗമന വാദികൾ ഇന്ന് കേരളത്തിന്റെ മണ്ണിൽ അവശേഷിക്കുന്നു. ഭരണഘടനയുടെ അനുച്ഛേദം 29 പ്രഘോഷിക്കുന്നത് ഭിന്നമായ ഒരു ഭാഷയോ സംസ്കാരമോ സ്വന്തമായുള്ള യാതൊരു വിഭാഗത്തിനും അത് സംരക്ഷിക്കുന്നതിന് അവകാശമുണ്ടായിരിക്കുമെന്നാണ്.

ശ്രീ. സി. കെ. പി. പത്മനാഭൻ: മതപരമായി ജീവിക്കുവാനുള്ള അവകാശത്തിനുവേണ്ടിയാണ് ഇപ്പോൾ വലിയൊരു വിഭാഗം ഇവിടെ പോരാടിക്കൊണ്ടിരിക്കുന്നത്. അസീമാനന്ദ എന്നുപറയുന്ന ഒരു സന്യാസിയാണ് സംഝോതാ എക്സ്പ്രസ്സിൽ ബോംബ് വച്ച് 88 മുസ്ലീങ്ങളെ കൊന്നത്. ഇതുപോലെ തന്നെ മെക്കാ മസ്ജിദ്-ലും ആളുകളെ കൊലപ്പെടുത്തുകയുണ്ടായി. ഇത്തരത്തിൽ നിരവധി സ്ഥലത്ത് സന്യാസിമാരാണ് മതത്തിന്റെ പേരിൽ ആളുകളെ കൊല്ലുന്നത്. മതപരമായി ജീവിക്കാൻ പറ്റാത്ത അവസ്ഥയാണ് ഇന്നുള്ളത്. പക്ഷേ മരിച്ചശേഷമുള്ള കാര്യമാണ് അദ്ദേഹം പറയുന്നത്. മതപരമായി ജീവനോടെ ജീവിക്കാനുള്ള അവകാശത്തിന് പ്രധാന്യം കൊടുക്കുന്ന ഈ സന്ദർഭത്തിൽ ഇത് വലിയ പ്രധാന്യത്തോടുകൂടി കാണേണ്ടതുണ്ടോ എന്നാണ് എന്റെ സംശയം.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: മതപരമായിട്ടുള്ള പ്രശ്നങ്ങൾ വളരെയധികം രൂക്ഷമായ ആ അവസ്ഥ എങ്ങനെ സംജാതമായി എന്നുള്ളതിനെ കുറിച്ച് അറിയുന്നതിനുവേണ്ടിയാണ് ഞാൻ ഇതിനെക്കുറിച്ച് പറയുന്നത്. നമ്മുടെ നവോത്ഥാന മൂല്യങ്ങൾക്കേറ്റ ക്ഷതമാണ് ഇതിലൂടെ വെളിവാകുന്നത്. മതാതീത ആത്മീയതയുടെ ആചാര്യനും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന ശ്രീനാരായണ ഗുരുദേവനോട് മരിച്ചാൽ മൃതദേഹം എന്ത് ചെയ്യണമെന്ന് ചോദിച്ചപ്പോൾ ചക്കിലിട്ട് ആട്ടി സസ്യജാലങ്ങൾക്ക് കൊടുക്കാൻ പറഞ്ഞു. ഈ വർത്തമാന കാലത്തിനെ നിയമങ്ങൾ കൊണ്ട് പരുവപ്പെടുത്തുന്നതിന് സംസ്കാരം രൂപപ്പെടുത്തണം. ആ സംസ്കാരം ഇന്ന് ഈ രീതിയിലുള്ള മനുഷ്യന്റെ സ്വാതന്ത്ര്യത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും മാത്രമല്ല മരിച്ചു കഴിയുമ്പോൾ നമ്മുടെ അവയവങ്ങൾ ദാനം കൊടുക്കണം. ഇന്ന് നമ്മൾ എഴുതിവച്ചിട്ടുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

മരിച്ചുകഴിഞ്ഞാൽ മൃതദേഹമെടുത്ത് പട്ടടയിലോ കുഴിയിലോ കൊണ്ടു വയ്ക്കുകയാണ് ചെയ്യുന്നത്. കണ്ണോ അവയവമോ കൊടുക്കണമെന്ന് പറഞ്ഞാൽ കൊടുക്കുകയില്ല. കേവലം ഒരു മതസംബന്ധിയായത് മാത്രമല്ല മനുഷ്യ ജീവിതത്തിന്റെ, വ്യക്തി സ്വാതന്ത്ര്യത്തിന്റെ സമഗ്രതയെ സ്പർശിക്കുന്നതാണ് ഈ ബിൽ.

ശ്രീ. എം. കെ. പ്രേംനാഥ്: നമ്മുടെ മതപരമായ പ്രശ്നങ്ങൾ സംബന്ധിച്ചും മരിച്ചതിനുശേഷം പല മതത്തിന്റെ പേരിൽ പ്രത്യേകം പ്രത്യേകം ശ്മശാനങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നതെന്നുമൊക്കെ നേരത്തെ ഇവിടെ ശ്രീ. പ്രകാശൻ മാസ്റ്റർ സൂചിപ്പിക്കുകയുണ്ടായി. അത് യഥാർത്ഥത്തിൽ നിയമപരമായി തെറ്റാണ്. നമ്മുടെ ഭരണഘടനയ്ക്കും ഡിസ്ക്രിമിനേഷനും എതിരായിട്ടുള്ള പോരാട്ടം, യഥാർത്ഥത്തിൽ ഇത് ശരിയല്ല. അത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: പൊതു ഉടമസ്ഥതയിലുള്ള ശ്മശാനങ്ങൾ പൊതുവായിരിക്കണം. അത് പ്രത്യേകിച്ച് ജാതി, മതം തിരിച്ചുള്ളത് ആകാൻ പാടില്ല. അതിനെക്കുറിച്ചുള്ള വ്യക്തമായ അഭിപ്രായം എനിക്കുണ്ട്. ജനാധിപത്യപരമായി ഭരണഘടനാപരമായി സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ശ്മശാനങ്ങളിൽ ഇതുപോലെ ജാതിയുടെയോ മതത്തിന്റെയോ പേരിലല്ലാതെ പൊതുവിൽ ജാതിയുള്ളവരെയും ജാതിയില്ലാത്തവരെയുമൊക്കെ അടക്കം ചെയ്യാവുന്ന അവസ്ഥ ഉണ്ടാകണമെന്നാണ് എന്റെ അഭിപ്രായം . ഞാൻ ഇത്രയും പറയുമ്പോൾ പെട്ടെന്ന് കാര്യങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി, ഞാൻ എന്നെത്തന്നെ ഒരു സ്പെസിമെൻ ആയിട്ട് വച്ചുകൊണ്ട് പറയട്ടെ; ഞാൻ ഒരു ഈശ്വര വിശ്വാസിയല്ല, എന്റെ മരണാനന്തരം ഒരു ശവക്കല്ലറ പോലും എനിക്ക് പണിയേണ്ട ആവശ്യമില്ല, കുഴിച്ചിടുന്നെങ്കിൽ അതിന് മുകളിൽ ഒരു മരം വച്ചു വളർത്തിയാൽ നന്ന്, അത് മനുഷ്യന് ഉപകാരപ്രദമാകുകയും ചെയ്യും. എന്റെ പിറകിൽ ശക്തമായ ഒരു പാർട്ടിയുണ്ട്. അതായത് കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ട്. എങ്കിലും ഞാൻ മരിച്ചുകിടക്കുമ്പോൾ എന്റെ ഭാര്യ അബോധാവസ്ഥയിലായാൽ പാർട്ടി പറഞ്ഞാൽപ്പോലും എന്റെ ബന്ധുക്കൾ കേൾക്കുകയില്ല. എന്റെ വീട്ടുകാർ മതാചാരപ്രകാരം പള്ളിയിൽനിന്നും അച്ചനെ കൊണ്ടുവന്ന് പറ്റുമെങ്കിൽ മെത്രാനെ കൊണ്ടുവന്ന് കർമ്മങ്ങൾ മുഴുവൻ നടത്തി എന്നെ ആക്ഷേപിച്ച് എന്നെ അടക്കം ചെയ്യും. അപ്പോൾ തടസ്സപ്പെടുത്തുന്നത് ഭരണഘടനാപരമായ എന്റെ അവകാശമാണ്. ഇത് സഭയ്ക്ക് അംഗീകരിച്ച് തരാൻ കഴിയുകയില്ലേ? ഇത് എന്റെ മാത്രം കാര്യമല്ല, എല്ലാവരുടെയും അനുഭവമാണ്. നമ്മൾ ഇങ്ങനെ ആയിരിക്കണമെന്ന് നമ്മൾ ആഗ്രഹിക്കുന്നു, നമ്മൾ എഴുതി വയ്ക്കുന്നു എല്ലാം തയ്യാറാണ്. എനിക്ക് വ്യക്തിപരമായിട്ട് അനുഭവമുള്ളതാണ്. എന്നെ ടെലഫോണിൽ വിളിച്ചറിയിച്ചിട്ടുണ്ട്. ഇങ്ങനെ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ അതൊന്നും ആരും അറിയുന്നുമില്ല ചർച്ച ചെയ്യുന്നുമില്ല. അതുപോലെ സംസ്ഥാനത്ത് നിരവധി ആളുകൾ ഇത്തരത്തിലുള്ള വ്യഥ അനുഭവിക്കുന്നവരാണെന്ന നിലയിൽ ഇക്കാര്യം പരിശോധിക്കപ്പെടേണ്ടതും നിയമസഭയിൽ ചർച്ച ചെയ്യപ്പെടേണ്ടതുമാണ്. എന്നെപ്പോലെ വ്യഥ കൊള്ളുന്ന എത്ര പേരുണ്ട്. ഇത്തരക്കാർക്കുവേണ്ടി കൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. മറ്റു ചില ഉദാഹരണങ്ങൾ കൂടി

LIBRARY ARCHIVES Kerala Legislative Assembly

പറയാം. നമ്മളെല്ലാവരും ബഹുമാനിക്കുന്ന സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീർ ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തിന്റെ ആഗ്രഹം താൻ സ്നേഹിച്ച മംഗോസ്റ്റിൻ മരത്തിന്റെ അടിയിൽ അടക്കം ചെയ്യണമെന്നായിരുന്നു. ആ ആഗ്രഹം നടന്നില്ല, പള്ളിയിൽ കൊണ്ടുപോയി അടക്കം ചെയ്തു. മലയാളം സംസ്കൃതം നിഘണ്ടു ആദ്യമായി മലയാളത്തിൽ രചിച്ച എസ്.കെ. പാണ്ഡവത്ത് അദ്ദേഹത്തിന്റെ ഡയറിയിൽ എഴുതി വച്ചു.....

ശ്രീ. സി. കെ. പി. പത്മനാഭൻ : ഒരാൾ മരണപ്പെട്ടുകഴിഞ്ഞാൽ ഏത് രൂപത്തിലാണ് എന്നെ സംസ്കരിക്കേണ്ടതെന്ന് വിൽപ്പത്രം എഴുതി വച്ചാൽ ആ രൂപത്തിൽ സംസ്കരിക്കണമെന്ന് ഇപ്പോൾത്തന്നെ നിയമപരമായ റൈറ്റ് ഉണ്ട്. സന്യാസിമാർ മരിച്ചാൽ അപ്പോൾത്തന്നെ ശവം ചമ്രം പടഞ്ഞിരുത്തി തലയിൽ നാരായം എടത്തുകുത്തി ജീവനെ പുറത്തേക്ക് വിട്ടു എന്നൊക്കെ പറഞ്ഞിട്ട് ചില കളവുകളുണ്ട്. ഇമ്മാതിരി തട്ടിപ്പ് നടക്കുന്നുണ്ട്, അത് വിൽപ്പത്രമനുസരിച്ചാണ് ചെയ്യുന്നത്. എന്നെ ഇങ്ങനെയാണ് സംസ്കരിക്കേണ്ടത് എന്നുള്ളതിന് ഓരോ വിൽപ്പത്രമുണ്ട്. ഇങ്ങനെ ആചാരങ്ങളുള്ള ഇവിടെ ഒരു ബില്ലിന്റെ ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: എന്റെ അനുഭവത്തിൽ നിന്ന് ഞാൻ പറയുകയാണ്. ഇതുപോലെ എഴുതി വച്ച പലരുമുണ്ട്. ഞാൻ ഒരു വിൽപ്പത്രം എഴുതി വച്ചാൽ സഖാവ് സി.കെ.പി. പത്മനാഭന് അത് നടപ്പിലാക്കിത്തരാൻ സാധിക്കുമോ ? എഴുതി വച്ച് ഞാൻ സഖാവിനെ ഏൽപ്പിക്കാം. അത് നടപ്പിലാക്കാൻ പറ്റുമോ ? ഈ സമയത്ത് ഒരാൾ മരിച്ചുകിടക്കുമ്പോൾ മരണം കഴിഞ്ഞ് ശവമടക്കിക്കഴിഞ്ഞാൽ രണ്ടാമത് അടക്കാൻ കഴിയുമോ? ഒരാളെ ദഹിപ്പിച്ചിട്ട് വീണ്ടും ദഹിപ്പിക്കാൻ കഴിയുമോ? ഞാൻ ഇത് പറയുന്നത് ഓരോ അനുഭവമെടുത്തിട്ടാണ്. എസ്.കെ. പാണ്ഡവത്ത് തന്റെ ഡയറിയുടെ മുൻപേജിൽ എഴുതിയിട്ടുള്ളതുതന്നെ മതപരമായ സംസ്കാരം നടത്തരുതെന്നാണ്. പക്ഷേ ആ ആഗ്രഹം നടന്നില്ല. അച്ചൻമാരെയും വെറുതേ വിടില്ല. മെത്രാനും ആരും വരണ്ട എന്നെ വെറുതെ കുഴിച്ചിടണമെന്ന് കൊല്ലം രൂപതയിലെ ഫാദർ സോളമനച്ചൻ മരിക്കുന്നതിനുമുമ്പ് പറഞ്ഞുവെങ്കിലും ആ ആഗ്രഹം നടന്നിട്ടില്ല. പുന്നപ്ര വയലാർ സമരസേനാനി സഖാവ് കെ.എസ്. ബെൻ. മരിച്ചപ്പോൾ ഞാൻ പോയിരുന്നു. ശവപ്പെട്ടിയിൽ മൃതദേഹം കിടത്തിയിരിക്കുന്നത് ഞാൻ കണ്ടതാണ്. ഇടപ്പള്ളി പോലീസ് സ്റ്റേഷൻ ആക്രമണത്തിൽ പ്രതിയായിരുന്ന സി.പിഐ (എം)- ന്റെ നേതാവ് ടി. ടി. മാധവന്റെ വലിയ ആഗ്രഹമായിരുന്നു മരണശേഷം പാർട്ടി പതാക പുതപ്പിക്കണമെന്നുള്ളത്; മരണശേഷം വീട്ടിൽച്ചെന്ന് പാർട്ടിക്കാർ ഇത് സഖാവിന്റെ ആഗ്രഹമാണെന്ന് പറഞ്ഞുവെങ്കിലും വീട്ടുകാർ കർമ്മത്തോട് കർമ്മം തന്നെ ചെയ്തുകൊണ്ടിരിക്കുന്നു. അവിടെ വച്ചിരുന്ന വിളക്കൊക്കെ ഞാൻ എടുത്തുമാറ്റിയപ്പോൾ അവർ പറയുന്നത്, ഞങ്ങളുടെ അച്ഛൻ മരിച്ചു, ഇനി ഞങ്ങളാണ് ജീവിക്കുന്നത്, ഇങ്ങനെയൊക്കെ ചെയ്താൽ ഞങ്ങൾക്ക് വലിയ പ്രശ്നമാണ്. ഇതുപോലെ നമ്മൾ എന്ത് എഴുതി വച്ചാലും ഒരു കാര്യവുമില്ല. നമ്മൾ കണ്ണും അവയവങ്ങളും ദാനം ചെയ്യണമെന്നൊക്കെ എഴുതി വച്ചിട്ടും ഒരു കാര്യമില്ല. അവരവരുടെ ആഗ്രഹത്തിന് വിരുദ്ധമായി മതാചാരശാസനാനുസൃതമായ സംസ്കരണത്തിന് വിധേയമാക്കപ്പെടുന്ന അവസ്ഥ മാറ്റേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: വിൽപ്പത്രത്തിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നുവെന്നാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. സഖാവ് ലെനിന്റെ ഭൗതിക ശരീരം ഇപ്പോൾ സൂക്ഷിച്ചുകൊണ്ടിരിക്കുകയാണ്. സഖാവ് ലെനിന്റെ ഭൗതിക ശരീരം സൂക്ഷിച്ചുവച്ചിരിക്കുന്നത് ഒരു വിൽപ്പത്രത്തിന്റെ അടിസ്ഥാനത്തിലാണെന്ന അഭിപ്രായം അങ്ങേക്കുണ്ടോ?

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: സഖാവ് ലെനിന് എന്തിനാണ് വിൽപ്പത്രം. സഖാവ് ലെനിൻ എല്ലാവരുടെ ഹൃദയത്തിലും കൊത്തിവച്ചിരിക്കുകയാണ്. പിന്നെ എന്തിനാണ് വിൽപ്പത്രം? ഞാൻ ചോദിക്കട്ടെ, മുഹമ്മദ് നബി തിരുമേനി എന്തെങ്കിലും വിൽപ്പത്രമെഴുതിയിട്ടുണ്ടോ ? പ്രവാചകൻമാരെന്തെങ്കിലും വിൽപ്പത്രമെഴുതിയിട്ടുണ്ടോ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ജന്മം സ്വയംഭൂവാണെന്നാണല്ലോ പറയുന്നത്. അങ്ങനെയാണല്ലോ പ്രത്യയശാസ്ത്രപരമായി ആലോചിക്കുന്നത്. 11.00 A.M] അങ്ങനെ സ്വയംഭൂ എന്ന് വിശ്വസിക്കുന്നുവെങ്കിൽ ആ സ്വയംഭൂവായ ഒന്നിനെ പിന്നെ സ്ഥിരമായി സൂക്ഷിച്ചുവയ്ക്കുക എന്ന പ്രക്രിയ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം കൊണ്ടു നടക്കുന്നുവോ ?

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: സർ, ശരീരം സ്വയംഭൂവെന്നുവച്ചാൽ ഞാൻ മറ്റൊരിക്കൽ പറഞ്ഞു, ജീവൻ ഏകകോശത്തിൽ നിന്നും ബഹുകോശത്തിൽ നിന്നും ഇതുപോലെ പരിണമിച്ച് പരിണമിച്ച് മനുഷ്യൻ ഉണ്ടായി. മനുഷ്യനെ സംബന്ധിച്ചിടത്തോളം പ്രപഞ്ചത്തിന്റെ തുടക്കം ഏതാണ് അവസാനം ഏതാണ് എന്ന് ആർക്കും അറിയാൻ സാധിക്കുന്നില്ല. പക്ഷേ ഒരു കാര്യം, ചലനം നിലച്ചാൽ ജീവൻ പോകും. ഇതാണ് അവസ്ഥ.

മി. സ്പീക്കർ: ശ്രീ. ബ്രിട്ടോ, അങ്ങ് ചർച്ച അവസാനിപ്പിക്കുന്നുണ്ടോ ?

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: സർ, ഞാൻ ചർച്ച അവസാനിപ്പിക്കാം. ഞാൻ പറഞ്ഞതൊന്ന് കൺക്ലൂഡ് ചെയ്തുകൊള്ളട്ടെ. അതുപോലെ നിത്യജീവിതത്തിൽ ഞാൻ കണ്ട കാഴ്ചകളും കയ്ക്കുന്ന അനുഭവങ്ങളുമാണ് എന്നെ ഈ നിയമനിർമ്മാണത്തിലേക്ക് നയിച്ചത്. മനുഷ്യൻ അവനവന്റെ ഇച്ഛാനുസരണമല്ല ഓരോരോ മതത്തിൽ ജനിക്കുന്നത്. അത് തിരസ്ക്കരിക്കുക എന്നത് അവന്റെ സ്വാതന്ത്ര്യമാണ്. ആ സ്വാതന്ത്യത്തെ പട്ടടയിൽ കരിക്കരുത്, ശവക്കുഴിയിൽ കുഴിച്ചിടരുത്, കഴുകന് എറിഞ്ഞു കൊടുക്കരുത്. വിശ്വാസിക്കൊപ്പം അവിശ്വാസിയുടെയും ഭരണഘടനാപരമായ സ്വാതന്ത്യം ഉറപ്പാക്കണം. മൃതദേഹ സംസ്കരണം കാലദേശ-വംശ-മത-ജാതി-വിശ്വാസങ്ങളെ ആശ്രയിച്ച് വിഭിന്നമായ രീതിയിൽ പരിണാമങ്ങളിലൂടെയും പരിവർത്തനങ്ങളിലൂടെയും ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. വിവിധ ജാതി-മതങ്ങളിൽ പരസ്പര വിരുദ്ധവും വിചിത്രവുമായ രീതിയിൽ അന്ധവിശ്വാസജഡിലമാർന്നതും പണച്ചെലവേറിയതുമായ ചടങ്ങുകളോടെ മൃതദേഹ സംസ്കരണം നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനെ നിരുത്സാഹപ്പെടുത്താൻ ഉൽപ്പതിഷ്ണുക്കളും നവോത്ഥാന നായകന്മാരും ശ്രമിച്ചിട്ടുണ്ടെങ്കിൽ അവർ ഉയർത്തിപ്പിടിച്ച ധാർമ്മികതയുടെയും നൈതികതയുടെയും മതധ്വംസ

LIBRARY ARCHIVES Kerala Legislative Assembly

ദർശനങ്ങളുടെയും ജീവിത ശൈലിയിൽ ബലികഴിച്ച് തികച്ചും മതനിഷ്ഠതയോടെ ബന്ധുമിത്രാദികളുടെ ഇച്ഛയ്ക്കനുസരിച്ച് മൃതദേഹ സംസ്കരണം നടത്തിവരുന്നത് വ്യക്തി സ്വാതന്ത്ര്യത്തിന്റെയും ന്യൂനപക്ഷ അവകാശത്തിന് നിരർത്ഥകവും അപഹാസ്യവുമായതുകൊണ്ട് 2010-ലെ കേരള മതനിരപേക്ഷ മൃതദേഹസംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബിൽ ഞാൻ ഇവിടെ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇങ്ങനെ ഒരു പ്രത്യേക നിയമത്തിന്റെ ആവശ്യം ഉണ്ടെന്ന് സർക്കാർ കരുതുന്നില്ല.

മി. സ്പീക്കർ : ഇതിൽ ഇനി തുടർ ചർച്ചയുടെ ആവശ്യമില്ല. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്, അങ്ങ് പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

(ii) 2010-ലെ കേരള മൺപാത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. എം. മുരളി എം.എൽ.എ. നോട്ടീസ് നൽകിയത്.)

ശ്രീ. എം. മുരളി : സർ, 2010-ലെ കേരള മൺപാത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ, മൺപാത്രനിർമ്മാണ തൊഴിലാളികൾ 1991-ലെ കേരള കൈത്തൊഴിലാളി-വിദഗ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളാണ്. അവർക്ക് അതു വഴിയുള്ള എല്ലാ ആനുകൂല്യങ്ങളും അതായത് റിട്ടയർമെന്റ് ആനുകൂല്യം, മരണാനന്തര ആനുകൂല്യം, ചികിത്സാ സഹായം, അംഗങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ് ഇവയെല്ലാം ലഭിക്കുന്നുണ്ട്. ഇതിനു പുറമേ ലേബർ വെൽഫയർ ഫണ്ടുമായി ബന്ധപ്പെട്ട് അതിന്റെ ഭാഗമായി മൺപാത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്ന പേരിൽ ഒരു പുതിയ പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകുകയാണ്. അതുകൊണ്ട് പ്രത്യേക നിയമത്തിന്റെ ആവശ്യമില്ല.

ശ്രീ. എം. മുരളി : സർ, കേരളത്തിലെ പരമ്പരാഗതമേഖലയിൽ കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത തൊഴിൽ മേഖലപോലുള്ള ഒരു മേഖലയാണ് മൺപാത്ര നിർമ്മാണ തൊഴിൽ മേഖല. പഴയ തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലുമൊക്കെയായി നിരവധി പ്രദേശങ്ങളിൽ ഏതാണ്ട് പത്ത് ലക്ഷത്തിൽ താഴെ കുടുംബാംഗങ്ങൾ ഒരു കുലത്തൊഴിൽ എന്നുള്ള നിലയിൽ മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവർ നമ്മുടെ ക്ഷേമ നിധിയിലുണ്ടെന്ന് പറഞ്ഞാലും നൂറ്റാണ്ടുകളായി ഈ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നവർ ഇന്ന് വലിയൊരു പ്രതിസന്ധിയിലാണ്. മൺപാത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്ന പേരിൽ ഒരു പുതിയ പദ്ധതിക്ക് സർക്കാർ രൂപം

LIBRARY ARCHIVES Kerala Legislative Assembly